# പതിമൂന്നാം കേരളനിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2790      20.07.2011-ൽ മറുപടിയ്ക്ക്

**ഗ്രാമപഞ്ചായത്തുകളുടെ ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.വർക്കല കഹാർ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഗ്രാമപഞ്ചായത്തുകളുടെ ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമവും ഊർജ്ജസ്വലവുമാക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; | (എ) | ഗ്രാമ പഞ്ചായത്തുകളുടെ സേവന പ്രദാനവും ഭരണ നിർവഹണശേഷിയും മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ രൂപരേഖയെക്കുറിച്ചുള്ള വിവരങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | ഈ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പെർഫോമൻസ് ഗ്രാൻറ് നൽകുകയും അത് വഴി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ സേവന പ്രദാനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനും, നിലവിലുള്ള മൂലധന ആസ്തികളുടെ മെയിൻറനൻസിനും ആവശ്യമായ അധിക ധനസഹായം ലഭ്യമാക്കുക; തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കാര്യശേഷി വികസനത്തിന് നിയുക്തമായ കില, എസ്.ഐ.ആർ.ഡി |

| | | |
|---|---|---|
| | | തുടങ്ങിയ സ്ഥാപനങ്ങളുടെ ശാക്തീകരണം; ധനകാര്യ കമ്മീഷനുകൾക്ക് ആവശ്യമായപഠനങ്ങൾക്കുപയോഗപ്രദമായ രീതിയിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഒരു വിവരശേഖരം ലഭ്യമാക്കുകയും അത് കാലാകാലങ്ങളിൽ പുതുക്കാനാവശ്യമായ സ്ഥിരം സംവിധാനം ഏർപ്പെടുത്തുകയുംചെയ്യുക എന്നിവയാണ് ഈ പദ്ധതിയുടെ രൂപരേഖയിൽ ഉള്ളത്. |
| (സി) | പ്രസ്തുത പദ്ധതിക്ക് ലോക ബാങ്കിൽനിന്നുംധനസഹായം ലഭിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | ലഭിക്കുന്നുണ്ട്. കെ.എൽ.ജി.എസ്.ഡി.പി പദ്ധതിക്കു വേണ്ടി 0.75% പലിശയുള്ള 2021 മുതൽ 25 കൊല്ലം കൊണ്ട് തിരിച്ചടക്കേണ്ടുന്ന 200 മില്ല്യൺ യു.എസ്.ഡോളറിന്റെ (923 കോടി രൂപ) വായ്പ കരാറിനാണ് ധാരണാ പത്രം ഒപ്പു വെച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി 260 മില്ല്യൺ യു.എസ്.ഡോളറിന്റേതാണ്. (1196 കോടി രൂപ) ഇതിലെ 60 മില്ല്യൺ യു.എസ്. ഡോളർ(276 കോടി രൂപ) സംസ്ഥാന വിഹിതമാണ്. 2011-12 മുതൽ 2014-2015 വരെയുള്ള കാലയളവിൽ സംസ്ഥാനത്തിലെ 978 ഗ്രാമപഞ്ചായത്തുകൾക്കും 60 മുനിസിപ്പാലിറ്റികൾക്കും ഈ പദ്ധതിയിലൂടെ സേവനപ്രദാനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ആസ്തികളുടെ സൃഷ്ടി ആസ്തികളുടെ മെയിന്റനൻസ് എന്നിവയ്ക്കാവശ്യമായ ധനസഹായം ലഭ്യമാക്കുക. പ്രസ്തുത സ്ഥാപനങ്ങളുടെകാര്യശേഷിവികസനത്തിന് നിയുക്തമായ കില, എസ്.ഐ.ആർ.ഡി എന്നീ സ്ഥാപനങ്ങളുടെ |

ശാക്തീകരണം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെവിവരശേഖരം പൂർണ്ണമാക്കി ധനകാര്യകമ്മിഷനുകൾക്കും, ആസൂത്രണപ്രക്രിയകൾക്കും ആവശ്യമായ പഠനങ്ങൾക്ക് ഉപയുക്തമാക്കുകയും ചെയ്യുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

സെക്ഷൻ ആഫീസർ.